സെക്രട്ടറിയായി രണ്ടുവർഷമോ ജോലി നോക്കിയിട്ടുള്ള ഏതു മെമ്പറേയും ട്രൈബ്യൂണലിന്റെ ചെയർമാനോ വൈസ് ചെയർമാനോ ആയി നിയമിക്കാവുന്നതാണ്.

കൂടാതെ കേന്ദ്രഗവൺമെന്റിൽ അഡീഷണൽ സെക്രട്ടറിയായോ അഥവാ അതിനു തത്തുല്യമായ തസ്തികയിൽ സംസ്ഥാന ഗവൺമെന്റിലോ ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും ജോലി നോക്കിയിട്ടുള്ള ആളിനെയും ട്രൈബ്യൂണലിന്റെ വൈസ്ചെയർമാനായി നിയമിക്കാവുന്നതാണ്. എല്ലാ നിയമനങ്ങളും സംസ്ഥാന ഗവർണ്ണറുമായി കൂടിയാലോചിച്ചശേഷം പ്രസിഡൻറായിരിക്കും നടത്തുന്നത്.

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മൂന്ന് ബഞ്ചുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ട്രൈബ്യൂണലിന്റെ കേന്ദ്ര ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

ട്രൈബ്യൂണലിന്റെ പ്രവർത്തനം 1-6-1986 മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

18. [23] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-2-1986-ൽ സെക്രട്ടേറിയേറ്റിൽ ഓരോ വകുപ്പിലും തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ എത്രവീതമാണ് ;

(ബി) ഇതിൽ ഒരുകൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ എത്രയാണ് ;

(സി) അഞ്ച് കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ എത്രവീതമാണ് ;

(ഡി) ഏതു വകുപ്പിലാണ് ഏറ്റവും കൂടുതൽ ഫയൽ ഉള്ളത് ?

ഉത്തരം

(എ, ബി, സി) ഫെബ്രുവരി മാസത്തിലെ സ്ഥിതിവിവരക്കണക്ക് ശേഖരിച്ചുവരുന്നതേയുള്ളു. ജനുവരി 31-ലെ കണക്കനുസരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകളെന്ന് തരംതിരിച്ച് വിവരം ശേഖരിക്കാറില്ല. (ഒരു വർഷത്തിനും രണ്ടു വർഷത്തിനുമിടക്ക് പഴക്കമുള്ള ഫയലുകളെന്നും രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള ഫയലുകളെന്നുമാണ് തരംതിരിക്കാറുള്ളത്.)

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിൽ.

കോഴിക്കോട് വിമാനത്താവളത്തിന്റെ പണി

19 [24] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ പണി എന്നത്തേക്ക് തീരും,

† അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ 18 (23)കാണുക

സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ സ്ഥിതി വിവരക്കണക്ക്

വകുപ്പുകൾ	31-1-1986 വരെ തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം.	31-1-1986-ൽ ഒരു കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകളുടെ എണ്ണം.	ഒരു കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകളിൽ ഏറ്റവും പഴക്കമുള്ളതിന്റെ തീർപ്പാക്കാതെ കിടക്കുന്നതിന്റെ എണ്ണം.
(1)	(2)	(3)	(4)
1. കൃഷി (എ ഇ ആൻഡ് ആർ)	2826	323	74
2. കൃഷി (മൃഗസംരക്ഷണം)	982	106	24
3. സഹകരണം	2133	194	56
4. സാംസ്കാരികം	264	60	20
5. ഇലക്ഷൻ	120	17	5
6. ധനകാര്യം	4114	305	110
7. മത്സ്യബന്ധനവും തുറമുഖവും	1544	209	76
8. ഭക്ഷ്യം	1301	247	58
9. വനം, പരിസ്ഥിതി, വന്യജീവി വകുപ്പ്	3144	1374	577
10. പൊതുഭരണം	6327	753	270
11. പൊതു വിദ്യാഭ്യാസം	8891	1544	414
12. ആരോഗ്യവും കുടുംബക്ഷേമവും	5994	825	135
13. ഉന്നത വിദ്യാഭ്യാസം	4446	733	217
14. ആഭ്യന്തരം	4655	490	100
15. ഭവനനിർമ്മാണം	683	138	41
16. വ്യവസായം	4647	503	116
17. ജലസേചനം	1442	254	98
18. തൊഴിലും പുനരധിവാസവും	2841	544	177
19. നിയമം	1493	90	47
20. തദ്ദേശസ്വയംഭരണം	6988	1694	543

LIBRARY ARCHIVES Kerala Legislative Assembly

	(1)	(2)	(3)	(4)
21.	രേണപരിഷ്ക്കരണം	200	3	1
22.	രേണപരിഷ്ക്കരണം (ഔദ്യോഗികഭാഷ)	75	12	5
23.	ആസൂത്രണവും സാമ്പത്തികവും	898	152	31
24.	പവ്വർ	1405	185	87
25.	പൊതുമരാമത്തും ഗതാഗതവും	4347	930	233
26.	റവന്യൂ	8560	2141	750
27.	ഗ്രാമവികസനം	3497	592	137
28.	പട്ടികജാതി പട്ടികവർഗ്ഗ വികസനം	1478	323	94
29.	സാമൂഹ്യക്ഷേമം	897	266	99
30.	സ്റ്റോർപർച്ചേസ്	264	52	9
31.	നികുതി	2370	511	128
32.	വിജിലൻസ്	445	34	12

അനുബന്ധം VI

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 61 (69) കാണുക

	ജില്ല	ഫീഡിംഗ് സെൻറുകളുടെ എണ്ണം
1.	തിരുവനന്തപുരം	639
2.	കൊല്ലം	335
3.	ആലപ്പുഴ	264
4.	കോട്ടയം	292
5.	ഇടുക്കി	173
6.	എറണാകുളം	234
7.	തൃശ്ശൂർ	119
8.	മലപ്പുറം	306
9.	പാലക്കാട്	211
10.	കോഴിക്കോട്	130
11.	കണ്ണൂർ	66
12.	വയനാട്	90
13.	പത്തനംതിട്ട	50
	ആകെ	2909

LIBRARY ARCHIVES Kerala Legislative Assembly